ദേശാഭിമാനി

Thiruvananthapuram

# കനകക്കുന്നിലെ മിയാവാക്കിക്ക് ഒരു വയസ്സ്

വെബ് ഡെസ്ക് | *Updated: Tuesday Dec 31, 2019*



കനകക്കുന്ന് സൂര്യകാന്തിയിലെ മിയാവാക്കി

തിരുവനന്തപുരം

നഗരമധ്യത്തിൽ തഴച്ചുവളർന്ന മാതൃകാവനത്തിന്ഒരു വയസ്സ്. താന്നിയും നീർമാതളവും അരയാലും അശോകവുമൊക്കെയായി കനകക്കുന്നിലെ സൂര്യകാന്തിയിൽ "മിയാവാക്കി കാട്വേരുപിടിച്ചിട്ട് ഒരു വർഷം തികയുകയാണ്. കുറഞ്ഞ സമയംകൊണ്ട് കുറച്ച് സ്ഥലത്ത് ധാരാളം വൃക്ഷങ്ങൾ നട്ട് സ്വാഭാവികമായ വനത്തിന് സമാനമായ കാട്ടുവളർത്തിയെടുക്കുന്നതാണ്"മിയാവാക്കി'. ഒരു പ്രദേശത്ത് സ്വാഭാവികമായി വളരുന്ന സസ്യങ്ങൾ മാത്രം നട്ടു വളർത്തണമെന്നതാണ് ഇതിന്റെ രീതി. കനകക്കുന്നിൽ പത്ത് ശതമാനം അധിനിവേശ സസ്യങ്ങളുണ്ട്. പക്ഷികൾക്ക് ഭക്ഷണത്തിനും മറ്റുമായാണ് അങ്ങനെ ചെയ്തത്. പ്രത്യേകം തയ്യാറാക്കിയ ജൈവ മിശ്രിതത്തിലാണ് ഇവ നട്ടിരിക്കുന്നത്പിന്നീട് വളപ്രയോഗങ്ങളോ കീടനാശിനി പ്രയോഗമോ നടത്തിയിട്ടില്ല. അഞ്ചുസെന്റിൽ 120 ഇനങ്ങളിൽപ്പെട്ട 426 ചെടികളായിരുന്നു കഴിഞ്ഞ ജനുവരി രണ്ടിന് ഇവിടെ നട്ടുപിടിപ്പിച്ചത്. എല്ലൂറ്റിപ്പച്ച, പലകപ്പയ്യാനി, വയ്യാങ്കഥ, അരയാൽ, പേരാൽ, ചമത, ആര്യവേപ്പ്, രാമച്ചം, നോച്ചി തുടങ്ങിയവയാണ്നട്ട മറ്റുസസ്യങ്ങൾ. ജാപ്പനീസ് സസ്യശാസ്ത്രജ്ഞനായ പ്രൊഫ. അകിറാ മിയാവാക്കി വികസിപ്പിച്ചെടുത്ത വനനിർമാണ മാതൃകയാണിത്കേരള വിനോദ സഞ്ചാര വകുപ്പിനായി നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷൻ, ഓർഗാനിക് കേരള മിഷൻ സൊസൈറ്റി തുടങ്ങിയ സ്ഥാപനങ്ങൾ സാമൂഹിക ഉത്തരവാദിത്വ പരിപാടിയുടെ ഭാഗമായാണ്മാതൃകാവനം സൃഷ്ടിച്ചത്.